## പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3792 — 17.12.2015 ന് മറുപടിയ്ക്ക്

### ആനകളുടെ പരിപാലന, സംരക്ഷണ ചെലവും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ വിവിധ ആനപരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസാക്കിയ എസ്റ്റിമേറ്റ് തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് വിശദമാക്കുമോ ; പരിപാലനകേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചരിഞ്ഞ ആനകളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ; | (എ) വനം വകുപ്പിന്റെ 3 ആന പരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസ്സാക്കിയ എസ്റ്റിമേറ്റ് തുക 250.52 ലക്ഷം രൂപയും, ചെലവഴിച്ച തുക 199.5 ലക്ഷവുമാണ്. പരിപാലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ആന ചരിഞ്ഞിട്ടുണ്ട്. |
| (ബി) അടുത്തകാലത്തായി ആനവേട്ട വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആനവേട്ടക്കാരെ നേരിടുന്നതിന് ജീവനക്കാർക്ക് നല്കിയിട്ടുള്ള പരിശീലന- ത്തെകുറിച്ച് വിശദമാക്കുമോ; പട്രോളിംഗ് നടത്തുന്നതിന് വാഹന സൗകര്യമുള്ള എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ കേരളത്തിലുണ്ട് ; കണക്ക് വ്യക്തമാക്കുമോ ? | (ബി) അടുത്ത കാലത്ത് ആനവേട്ട വ്യാപകമായി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാറ്റൂർ, വാഴച്ചാൽ മേഖലയിലാണ് ആനവേട്ട നടന്നതായി കണ്ടെത്തിയിട്ടുള്ളത്. ആനവേട്ടക്കാരെ നേരിടുന്നതിനായി ജീവനക്കാർക്ക് പ്രത്യേകിച്ച് പരിശീലനം നൽകിയിട്ടില്ലെങ്കിലും രഹസ്യ വിവര ശേഖരണം, ആയുധ പരിശീലനം എന്നിവ ഉൾപ്പെടെയുള്ള പരിശീലനങ്ങൾ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെയും കാലാകാലങ്ങളിൽ നടത്തുന്ന റിഫ്രഷർ ട്രെയിനിംഗിലൂടേയും നൽകി വരുന്നു. 100 ഫോറസ്റ്റ് സ്റ്റേഷനുകളിൽ വാഹന സൗകര്യമുണ്ട്. |
| (സി) ആനവേട്ട വ്യാപകമായ കൊടുംകാടുകളിൽ സേവനമനുഷ്ഠിക്കുന്ന വനംസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഇപ്പോഴും റിസ്ക് അലവൻസ്, റേഷൻമണി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) സംരക്ഷിത പ്രദേശങ്ങളിലും, മറ്റ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുള്ള മേഖലകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് റിസ്ക് അലവൻസ്, റേഷൻ മണി എന്നിവ നൽകിവരുന്നു. |
| (ഡി) വനം വകുപ്പിൽ ഒരേ തസ്തികയിൽ കഴിഞ്ഞ 15 വർഷക്കാലമായി സേവനമനുഷ്ഠിക്കുന്ന ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ